# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **02.07.2015 - ൽ**

**ചോദ്യം നമ്പർ: 1532** **മറുപടിക്ക്**

## നാളീകേര കർഷകരിൽ നിന്നുള്ള വിത്തുതേങ്ങ സംഭരണം

**ചോദ്യം**
**ശ്രീ.ഇ.കെ.വിജയൻ**

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) നാളീകേര കർഷകരിൽ നിന്നും വിത്തു തേങ്ങ സംഭരണത്തിനായി എത്ര തുകയാണ് കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത് എന്നും ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും വിശദമാക്കുമോ; | എ) ഓരോ സാമ്പത്തിക വർഷവും നടപ്പിലാക്കുവാൻ അനുമതി ലഭിക്കുന്ന കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരമാണ് കർഷകരിൽ നിന്നും വിത്തുതേങ്ങ സംഭരിക്കുന്നത്. 2014-15 വർഷത്തിൽ വിത്തുതേങ്ങ സംഭരണത്തിനായി 147.60 ലക്ഷം രൂപ താഴെ പറയും പ്രകാരം അനുവദിച്ചിരുന്നു.<br>(എ) റീജ്യണൽ കോക്കനട്ട് നഴ്സറി സ്ഥാപിക്കൽ (50% കേന്ദ്രാവിഷ്കൃത പദ്ധതി) - 30 ലക്ഷം രൂപ.<br>(ബി) ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉത്പാദനവും വിതരണവും (സംസ്ഥാനാവിഷ്കൃത പദ്ധതി) -88 ലക്ഷം രൂപ.<br>(സി) DxT/TxD സങ്കരയിനം തെങ്ങിൻതൈകളുടെ ഉത്പാദനം (50% കേന്ദ്രാവിഷ്കൃത പദ്ധതി) - 29.60 ലക്ഷം രൂപ.<br>അപ്രകാരം ആകെ അനുവദിച്ച 147.60 ലക്ഷം രൂപയിൽ 147.36541 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 31/03/2015-ന് മുമ്പ് താഴെ പറയും പ്രകാരം ചിലവഴിച്ചു.<br>(എ) റീജ്യണൽ കോക്കനട്ട് നഴ്സറി സ്ഥാപിക്കൽ (50% കേന്ദ്രാവിഷ്കൃത പദ്ധതി) - 29.98205 ലക്ഷം രൂപ.<br>(ബി) ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉത്പാദനവും വിതരണവും (സംസ്ഥാനാവിഷ്കൃത പദ്ധതി) - 87.78606 ലക്ഷം രൂപ.<br>(സി) DxT/TxD സങ്കരയിനം തെങ്ങിൻതൈകളുടെ ഉത്പാദനം (50% കേന്ദ്രാവിഷ്കൃത പദ്ധതി) - 29.59730 ലക്ഷം രൂപ. |
| ബി) നാളികേര കർഷകർക്ക് വിത്തുതേങ്ങ സംഭരണയിനത്തിൽ ലഭിക്കേണ്ട തുക യഥാസമയത്ത് ലഭിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ഉണ്ട്.<br>എല്ലാ സാമ്പത്തിക വർഷവും മാർച്ചിനുമുമ്പ് വിത്തുതേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാൻ ബാക്കി തുക ഉണ്ടെങ്കിൽ ആയതും ഏപ്രിൽ, മേയ് മാസങ്ങളിലായി വിത്തുതേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള തുകയും തുടർന്നുള്ള / അടുത്ത സാമ്പത്തിക വർഷത്തിൽ അതാത് പദ്ധതികൾക്കായി അനുവദിച്ച തുകയിൽ നിന്നും കർഷകർക്ക് വിതരണം ചെയ്യുന്ന രീതിയാണ് തുടർന്ന് വരുന്നത്. |
| സി) ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലമാണ് വിത്തുതേങ്ങയുടെ വില കൃത്യസമയത്ത് കർഷകർക്ക് ലഭിക്കാത്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഇല്ല. |
| ഡി) എങ്കിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ